**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3774** **27-06-2024 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് ബീച്ചിൽ ഓപ്പൺ ജിം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ സ്ഥലങ്ങളിൽ ടൂറിസം വകുപ്പുമായി ചേർന്ന് ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ടൂറിസം വകുപ്പിന് കീഴിൽ കായിക വകുപ്പ് മുഖേന തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് 16.02.2022 ലെ സർക്കാർ ഉത്തരവ് നം. 28/2022/ കാ.യു.വ പ്രകാരം 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br><br>പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് പാർക്ക്, വയനാട് ജില്ലയിലെ കൽപ്പറ്റ ജിനചന്ദ്രൻ സ്റ്റേഡിയം, തിരുവനന്തപുരം ജില്ലയിലെ ആക്കുളം ടൂറിസ്റ്റ് വില്ലേജ്, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം, ആലപ്പുഴ ജില്ലയിലെ ലൈറ്റ് ഹൗസിന് സമീപം എന്നീ സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായുള്ള സിവിൽ പ്രവൃത്തികൾക്കുള്ള ടെണ്ടറുകൾ ക്ഷണിച്ച് കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ ടൂറിസം വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ മുഴിപ്പിലങ്ങാട് ബീച്ചിൽ ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ടൂറിസം വകുപ്പിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ബീച്ചിൽ ടൂറിസം വകുപ്പുമായി ചേർന്ന് ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ബന്ധപ്പെട്ട വകുപ്പ്/എംഎൽഎ/ ജനപ്രതിനിധിയിൽ നിന്ന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | ഗുരുവായൂർ മണ്ഡലത്തിൽ കായികവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | (സി) | 18.10.2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ. പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ 120 |

| | | | | |
|---|---|---|---|---|
| | | | | കളിക്കളങ്ങളുടെ ലിസ്റ്റിലെ ക്രമമ്പർ 50 ആയി ഗുരുവായൂർ നിയോജക മണ്ഡലത്തിലെ പുന്നയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലം ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവർത്തിയ്ക്കായി ഗുരുവായൂർ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 07.12.2023-ലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം നം. എൽ.എസ്.ജി.ഡി/ ജെ.ഡി/ടി.എസ്. ആർ/13934/2023-ഇ3 പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് 16.01.2024 കായിക വകുപ്പ് ഡയറക്ടർ എ3-6464/23/കാ.യു.വ. ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 93.88 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ഇതിൻ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സാവൺ കെ.ബി, തൃശ്ശൂർ എന്ന കരാറുകാരന് 20.06.2024-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ